# പാപം ഒരു യാഥാർത്ഥ്യമോ?



ടൈറ്റസ് കാർത്തികപ്പള്ളി

അസ്ഥിത്വ ചിന്തകനായ ഗബ്രിയേൽ മാർസൽ മെയിൻസ്പ്രിങ് പൊട്ടിയ വാച്ചിനോടാണ് ആധുനികലോകത്തെ ഉപമിച്ചിട്ടുള്ളത് (The broken World. p.147). ലോകത്തിന്റെ മെയിൻസ്പ്രിങ് മനുഷ്യനാണ്. മനുഷ്യന് എന്തോ തകരാറുപറ്റിയിരിക്കുന്നു, അതുകൊണ്ടാണ് ശാസ്ത്രത്തിന്റെയും സാമ്പത്തിക സംവിധാനങ്ങളുടെയും പുരോഗതിക്കിടയിലും അസ്വസ്ഥത എങ്ങും വ്യാപിച്ചുകാണുന്നത്. ഹിരോഷിമയിലെ ബോംബിടീലിന്റെ ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ ഉള്ളിലൊതുക്കി ഡെനിസ് ഡെറോഗ്മോണ്ട് എഴുതി "ബോംബ് അപകടകരമല്ല, അത് ഒരു വസ്തു മാത്രമാണ്, മനുഷ്യനാണ് അപകടകരം." ഡോ. രാധാകൃഷ്ണന്റെ വാക്കുകൾ ഉദ്ധരിച്ചാൽ "പുറത്ത് സദാചാരത്തിന്റെ എല്ലാ പ്രകടനമോടികളും അകത്ത് ദുർവൃത്തികളുടെ രഹസ്യാനുരാഗമോഹമുള്ള ആളാണ് ഇന്നത്തെ ജന്റിൽമാൻ." ഏതൻസിലെ ഡയോജനസ് നേരിട്ട അതേ പ്രശ്നം ഇന്നും നിലനിൽക്കുന്നു. അപകടകാരിയായ, ധാർമ്മികമായി അധഃപതിച്ച മനുഷ്യന്റെ തകരാറെന്തെന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ പാപമാണ് അടിസ്ഥാന കാരണം എന്നു കാണുവാൻ കഴിയും.

ചുറ്റുപാടുമൊന്ന് കണ്ണോടിച്ചാൽ പാപത്താൽ വികൃതമാക്കപ്പെട്ട മനുഷ്യസമൂഹത്തെയാണ് നമുക്കെവിടെയും കാണുവാൻ കഴിയുക. സാന്മാർഗികമായി അധഃപതിച്ച നിലയിൽ – സ്വസ്ഥതയും സമാധാനവും നഷ്ടപ്പെട്ട മനുഷ്യൻ പാപത്തിന്റെ അന്ധകാരത്തിൽ കിടന്ന് നട്ടം തിരിയുകയാണ്. അതെ, പാപത്തിൽ മുഴുകിയിരിക്കുന്ന ഒരു ലോകത്തെയാണ് നാം കാണുന്നത്. ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും എല്ലാവരിലും തുല്യമായികാണുന്ന ഒരു പ്രത്യേകതയാണ് പാപം എന്നത്. സാർവ്വത്രികമായ പാപസ്വഭാവം മനുഷ്യനിലെങ്ങനെ ഉളവായി എന്ന അന്വേഷണം ചെന്നു നിൽക്കുന്നത് ആദാമിലാണ്. (ആദാം മനുഷ്യവർഗ്ഗത്തെ മുഴുവൻ കുറിക്കുന്നു.) ആദാം മുഖാന്തിരം എല്ലാവരും പാപികളായി തീർന്നതെങ്ങനെ? എന്ന ചോദ്യത്തിന് മാതാപിതാക്കളുടെ സ്വഭാവം സഹജമായി മക്കൾക്കു ലഭിക്കുന്നതിനനുസരിച്ച് ആദിമ മനുഷ്യൻ ചെയ്ത പാപം നിമിത്തം അവന്റെ സന്തതിയിലും പാപസ്വഭാവം വന്നുചേർന്നു എന്നു പറയാം. ഇവിടെ ആദാമിന്റെ കുറ്റം മനുഷ്യരുടെമേൽ ആരോപിക്കപ്പെടുകയല്ല. മറിച്ച്, മനുഷ്യർ തങ്ങളുടെ മനസ്സുകൂടാതെ ആദാം ചെയ്ത പാപത്തിന്റെ ഫലത്തിൽ കുടുങ്ങി കിടക്കുന്നു എന്നുള്ളതാണ്... ഇപ്രകാരം പാപസ്വഭാവം തലമുറകളിൽ നിന്ന് തലമുറകളിലേക്ക് മനസ്സറിയാതെതന്നെ കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത് എങ്ങനെ എന്നു ചോദിച്ചാൽ "ജീനുകൾ" വഴി എന്ന് നിസംശയം പറയാം.

ശാസ്ത്രീയമായി ചിന്തിച്ചാൽ മാതാപിതാക്കളിൽ നിന്നുരുത്തിരിഞ്ഞ് സന്തതികളിലേക്ക് സംക്രമിക്കുന്ന വർണ്ണതന്തുക്കൾ ഉൾക്കൊള്ളുന്ന കോശങ്ങൾ പെരുകി രൂപം കൊള്ളുന്ന മനുഷ്യശരീരം പ്രകടമാക്കുന്ന ആന്തരിക പ്രേരണകളുടെ പ്രത്യക്ഷവും പരോക്ഷവുമായ പ്രവർത്തനങ്ങളുടെ ആകെതുകയാണ് പാരമ്പര്യം എന്നു പറയുന്നത്. കോശങ്ങളിലെ വർണ്ണ തന്തുക്കളിൽ കാണുന്ന ന്യൂക്ലിക്ക് ആസിഡാണ് ഡി.എൻ.എ. എന്ന് പറയുന്നത്. ഈ ഡി.എൻ.എ. (ഡിയോക്സിറൈബോ ന്യൂക്ലിക് ആസിഡ്) തന്നെയാണ് ജീൻസ്. ഇത്തരത്തിലുള്ള സഹസ്രാവധി ഡി.എൻ.എ. (ജീൻസ്) തന്മാത്രകൾ കൊണ്ടാണ് ക്രോമസോംസ് അഥവാ വർണ്ണതന്തുക്കൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഡി.എൻ.എ.യിൽ അടങ്ങിയിരിക്കുന്ന വ്യത്യസ്ത നൈട്രോജനീകതലങ്ങളുടെ വ്യത്യസ്ഥാനുപാതക്രമമനുസരിച്ചുള്ള ചേർച്ചയുടെ ഫലമായി ഡി.എൻ.എ. തന്മാത്രകളുടെ ശൃംഖലയിലെ ഓരോ കണ്ണിയും വിവിധ സ്വഭാവങ്ങളെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

അന്തിമ വിശകലനത്തിൽ ഡി.എൻ.എ. (ജീൻസ്) ആണ് പാരമ്പര്യ സ്വഭാവങ്ങളെ നിയന്ത്രിക്കുന്നതെന്ന് കാണുവാൻ കഴിയും. അതുകൊണ്ടാണ് ജീനുകളെ പാരമ്പര്യവാഹികൾ എന്ന് വിശേഷിപ്പിക്കുന്നത്. അപ്പനപ്പൂപ്പന്മാർ വഴി പകർന്നു ലഭിച്ച ജീനുകൾ (ഡി.എൻ.എ.) സാഹചര്യങ്ങളുടെ സ്വാധീനത്തിനോ സമ്മർദ്ദത്തിനോ വഴങ്ങാതെ സുദീർഘമായ പാരമ്പര്യപ്രയാണത്തിൽ മുഖ്യസവിശേഷതകൾ – മൗലീക സ്വഭാവങ്ങൾ കൈവിടാതെ സൂക്ഷിക്കുന്നു. ബോധമണ്ഡലവുമായി പൊരുത്തപ്പെടാതെ മൗലീകത വ്യക്തമാക്കിക്കൊണ്ടിരിക്കുന്ന ജീനുകളാണ് ഒരാളുടെ ഗുണങ്ങൾക്കും ദോഷങ്ങൾക്കും പ്രധാന ഉത്തരവാദി. ഉദാഹരണത്തിന് ഒരാൾ മറ്റൊരാളെ തല്ലുന്നു അല്ലെങ്കിൽ കൊല്ലുന്നു എന്നുവയ്ക്കുക. ശാസ്ത്രീയമായി ചിന്തിച്ചാൽ "അബോധപൂർവ്വമായ" ജീനുകളുടെ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് അയാൾ ക്രൂരവും നിന്ദ്യവുമായ പ്രവർത്തിയിലേക്ക് നയിക്കപ്പെട്ടതെന്ന് കാണുവാൻ കഴിയും. ഇവിടെ വ്യക്തി വെറും ഒരു ഉപകരണം മാത്രമാണ്. ഈ വസ്തുത ബൈബിളിൽ ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു: "...ദോഷങ്ങളെല്ലാം അകത്തുനിന്ന് പുറപ്പെട്ട് മനുഷ്യനെ അശുദ്ധനാക്കുന്നു" (മർക്കോസ് 7:23).

അകത്തുനിന്നു വരുന്ന ഇച്ഛയും പ്രേരണയുമാണ് അശുദ്ധമായ പ്രവർത്തിക്ക് കാരണമാകുന്നത്. അങ്ങനെ വരുന്ന പക്ഷം വ്യക്തിയെ അശുദ്ധനാക്കുന്ന ബലവാനെ പിടിച്ചു കെട്ടിയെങ്കിൽ മാത്രമേ (മത്തായി 12:29) പാപ സ്വഭാവത്തിൽ നിന്നും പാപ പ്രവൃത്തിയിൽ നിന്നും മനുഷ്യന് മുക്തനാകുവാൻ കഴിയുകയുള്ളു. ബലവാൻ അകത്താകയാൽ പുറ

മേയുള്ള യാതൊരു സാഹചര്യത്തിനും - കർമ്മപ്രവൃത്തികൾക്കും അകമെ സ്വാധീനം ചെലുത്തുവാൻ കഴിയുകയില്ല. സ്വന്തശക്തിയിലും പ്രവൃത്തിയിലും ഊന്നി പാപത്തിന്മേൽ വിജയം നേടുവാൻ സാധ്യമല്ല. സാർവ്വത്രികമായി മനുഷ്യനിൽ കുടികൊള്ളുന്ന പാപസ്വഭാവത്തെ അതിജീവിക്കുവാൻ കരുത്തുള്ള ഒരു ശക്തി ഉള്ളിൽ പ്രവേശിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമേ അശുദ്ധിയെ നീക്കി ഇച്ഛയും പ്രവൃത്തിയും ക്രമീകരിക്കാൻ സാധിക്കൂ.

ഈ വിഷയത്തിൽ - മനുഷ്യന്റെ നിസ്സഹായവസ്ഥ കണ്ടറിഞ്ഞ് - സഹായിക്കുവാൻ തയ്യാറായിക്കൊണ്ട് ദൈവം മനുഷ്യരോട് കൽപ്പിക്കുന്നു. " ...ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ." (എന്നാൽ) ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവം തിരുവുള്ളം ഉണ്ടായിട്ട് പ്രവർത്തിക്കാൻ തുടങ്ങും (ഫിലി. 2:12,13). അപ്പോൾ ഒരു ചോദ്യം മാത്രം ഉയരുന്നു, രക്ഷ പ്രാപിക്കുവാൻ എന്തു ചെയ്യണം? "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു..." "ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിന് മാനസാന്തരപ്പെട്ട് തിരിഞ്ഞുകൊൾവിൻ" (അ.പ്ര. 3:19). "യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമ. 10:9). എങ്കിൽ മാത്രമേ ഡ്രൈവർ വാഹനത്തെ നിയന്ത്രിക്കുന്നതുപോലെ അകത്തെ മനുഷ്യൻ അഥവാ ആത്മാവിന് അശുദ്ധമായ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിച്ച് അതുവഴി പുതുജീവിതം നയിക്കുവാൻ കഴിയുകയുള്ളു (റോമ. 8:13).

*ചോദ്യങ്ങൾക്കും വിമർശനങ്ങൾക്കും മറുപടി നൽകുന്നതാണ്*

**തീരുമാനം, അഭിപ്രായം അറിയിക്കേണ്ട വിലാസം**

**ലൈഫ്ട്രാക്ക് കമ്മ്യൂണിക്കേഷൻസ്**
**പുന്നൂത്തറ, കേരള - 690 516**

Printed, Published and owned by *Titus Karthikappally*
Rights reserved by the Author

*Design : Titus*